പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

........................................

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3880**

**21.06.2019 - ൽ മറുപടിക്ക്.**

## പിറവം നിയോജക മണ്ഡലത്തിലെ വ്യാപാരികൾക്ക് പ്രളയാനന്തര ധനസഹായം

......................

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനൂപ് ജേക്കബ് | **ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി).** |
| (എ) 2018-ലെ പ്രളയത്തെ തുടർന്ന് പിറവം നിയോജക മണ്ഡലത്തിലെ രാമമംഗലം, മണീട് എന്നീ പഞ്ചായത്തുകളിലെയും പിറവം മുനിസിപ്പാലിറ്റിയിലെയും എത്ര വ്യാപാരികൾക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടുവെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ ; | (എ) : പ്രളയത്തെ തുടർന്ന് പിറവം നിയോജക മണ്ഡലത്തിലെ രാമമംഗലം ഗ്രാമ പഞ്ചായത്തിൽ 123 വ്യാപാരികൾക്കും പിറവം മുനിസിപ്പാലിറ്റിയിൽ 45 വ്യാപാരികൾക്കും ജീവനോപാധികൾ നഷ്ടപ്പെട്ടിട്ടുണ്ട്. മണീട് ഗ്രാമ പഞ്ചായത്തിൽ വ്യാപാരികൾക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടിട്ടില്ല. |
| (ബി) ഇപ്രകാരം ജീവനോപാധികൾ/ കച്ചവട സാമഗ്രികൾ നഷ്ടപ്പെട്ട എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും എത്ര പേർക്ക് കച്ചവടം പുനഃസ്ഥാപിക്കാൻ ബാങ്കുകൾ/ ധനകാര്യ സ്ഥാപനങ്ങൾ വഴി സാമ്പത്തിക സഹായം നൽകിയെന്നുമുള്ള വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ അറിയിക്കാമോ ? | (ബി) : രാമമംഗലം ഗ്രാമപഞ്ചായത്തിൽ പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ട 30 വ്യാപാരികൾക്ക് വായ്പയ്ക്ക് ശുപാർശ ചെയ്യുകയും 3 പേർക്ക് വായ്പ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പിറവം മുനിസിപ്പാലിറ്റിയിൽ ഇപ്രകാരം 23 വ്യാപാരികൾക്ക് വായ്പയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

ജെ/17/06/19